ലൈസൻസ് അന്ന് ഹൈക്കോടതി റദ്ദാക്കിയിരുന്നു. ഇതിനെതിരെ സുപ്രീംകോടതിയിൽ പരാതിക്കാർ അപ്പീൽ പോയി. ആ കേസ് പരിഗണിച്ച സമയം സുപ്രീംകോടതിയിലെ ഒരു ജഡ്ജി ആദ്യം 21 ലക്ഷം രൂപയും പിന്നീട് 5 ലക്ഷം രൂപയും വാങ്ങിയെന്നും ഹൈക്കോടതി ഇത് റദ്ദാക്കിയെന്നും അതിന് ശ്രീ. സുധാകരൻ സാക്ഷിയാണെന്നും സ്വീകരണ മദ്ധ്യേയുള്ള പ്രസംഗത്തിൽ അദ്ദേഹം ആരോപിക്കുകയുണ്ടായി. കൂടാതെ താൻ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്നും ബഹുമാനപ്പെട്ട എം. പി. പിന്നീട് മാധ്യമങ്ങളോട് പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു പൊതുപ്രവർത്തകൻ എന്നുള്ള നിലയിൽ ഇത്രയും നാൾ ഗൗരവമായ ഒരു കുറ്റകൃത്യം നടന്നിട്ട് കുറ്റക്കാരെ നിയമനടപടിക്ക് വിധേയമാക്കാതെ മറച്ചുവച്ചത്, പ്രതികളെ സഹായിക്കുവാനും സംരക്ഷിക്കുവാനും വേണ്ടിയായിരുന്നുവെന്നും കൈക്കൂലി കൊടുത്ത് ജഡ്ജിയെ സ്വാധീനിക്കാൻ വേണ്ടിയാണെന്ന് അറിഞ്ഞിട്ടും അത് പുറത്ത് പറയാതിരുന്ന കെ. സുധാകരനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആൾ ഇൻഡ്യാ ലോയേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി അഡ്വക്കേറ്റ് പള്ളിച്ചൽ പ്രമോദ് നൽകിയിട്ടുള്ള പരാതിപ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമം 120, 202 എന്നീ വകുപ്പുകൾ പ്രകാരം 123/11 ആയി ഒരു കേസ് മ്യൂസിയം പോലീസ് സബ് ഇൻസ്പെക്ടർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും, അതിനെ സംബന്ധിച്ച് ഇപ്പോൾ അന്വേഷിച്ച് വരികയും ചെയ്യുകയാണ്.

V റിപ്പോർട്ട് സമർപ്പണം

(1) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ

ശ്രീ. പി. വിശ്വൻ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമതും അഞ്ചാമതും റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീമതി കെ. എസ്. സലീഖ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ഇന്നത്തെ അജണ്ടയനുസരിച്ച് ധനകാര്യമാണ് അടുത്ത് എടുക്കേണ്ടത് എന്നാൽ സഭയിലുണ്ടായ സമവായത്തിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണ കാര്യം എടുക്കുകയാണ്..... അത് മിനിസ്റ്റർ വന്നിട്ട് എടുക്കാം.

LIBRARY ARCHIVES Kerala Legislature Assembly